"ഭരണഭാഷ - മാതൃഭാഷ"

നം.ബി-1185/2022

താലൂക്ക് ആസ്ഥാന ആശുപത്രി,
തിരുവല്ല, പിൻ - 689101
Mail ID: thqhtvl@gmail.com
Phone: 0469 2602494
തീയതി: 02/06/2022

# പുനർ ദർഘാസ് നോട്ടീസ്

വിഷയം:- താലൂക്ക് ആസ്ഥാന ആശുപത്രി തിരുവല്ല- പഴയ സെപ്റ്റിക് ടാങ്കിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പുനർ ദർഘാസുകൾ ക്ഷണിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1 നേഴ്സിംഗ് സൂപ്രണ്ട് ഇൻ ചാർജിന്റെ അപേക്ഷ.
2. അസി.എഞ്ചിനീയർ തിരുവല്ല മുൻസിപ്പാലിറ്റിയുടെ എസ്റ്റിമേറ്റ്
3. 20/05/2022ലെ ഇതേ നമ്പർ ദർഘാസ് പരസ്യം.

അസി.എഞ്ചിനീയർ തിരുവല്ല മുൻസിപ്പാലിറ്റിയുടെ എസ്റ്റിമേറ്റ് അനുസരിച്ച് തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പുതിയ ഐ.പി.കെട്ടിടത്തിലെ പഴയ സെപ്റ്റിക് ടാങ്കിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അംഗീകാരമുള്ള കോൺട്രാക്ടർമാരിൽ നിന്നും മുദ്രവച്ച പുനർ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോമുകൾ 02/06/2022 മുതൽ 16/06/2022 വരെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ 17/06/2022 വൈകുന്നേരം 4 മണിക്ക് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേതാണ്. ദർഘാസ് ഫോം ആവശ്യമുള്ള വ്യക്തികൾ ടെണ്ടർ ഫോമിന്റെ വിലയായ 400/- രൂപയുടെ ചെല്ലാൻ 0210-01-800-98 OR എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ചതിന്റെ അസൽ ചെലാൻ ഓഫീസിൽ സമർപ്പിക്കേണ്ടതും ജി.എസ്.റ്റി. തുകയായ 48/- രൂപ ഓഫീസിൽ അടക്കേണ്ടതുമാണ്. നിരതദ്രവ്യമായി തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ എടുത്ത 1500/- രൂപയുടെ ഡിഡി എന്നിവ സഹിതം രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ദർഘാസ് അപേക്ഷ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.. ദർഘാസ് അപേക്ഷയിൽ ദർഘാസ് നമ്പർ, പ്രവർത്തിയുടെ പേര് എന്നിവ വ്യക്തമാക്കിയിരിക്കേണ്ടതാണ്. .

ദർഘാസുകൾ നൽകിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ 18/06/2022 പകൽ 11 മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക നിർദ്ദേശിച്ചിട്ടുള്ള ആളിന് ദർഘാസുകൾ അംഗീകരിക്കുന്നതുമാണ്. മെയിന്റനൻസ് പ്രവർത്തികൾ പൂർത്തീകരിച്ചതിനു ശേഷം എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് മെഷർമെന്റ് ബുക്ക് എന്നിവ ഹാജരാക്കുന്നതോടെ തുക നൽകുന്നതാണ്.

ദർഘാസ് നോട്ടീസ് റദ്ദ് ചെയ്യുന്നതിനും നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. (സമർപ്പിക്കുന്ന ടെണ്ടറിന്റെ പേര്/ഫയൽ നമ്പർ മുദ്രവച്ച കവറിനു മുകളിൽ രേഖപ്പെടുത്തേതാണ്.) അടങ്കൽ തുക. – 1,07,700/-

സൂപ്രണ്ട്

പകർപ്പ്: 1.നോട്ടീസ് ബോർഡ്
2.ആരോഗ്യവകുപ്പു ഡയറക്ടറുടെ വെബ് സൈറ്റിൽ
3. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
4. നോട്ടീസ് ബോർഡ് ,
5. ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട
6. മുൻസിപ്പൽ ആഫീസ്, തിരുവല്ല
7. താലൂക്ക് ആഫീസ്, തിരുവല്ല

താലൂക്ക് ആസ്ഥാന ആശുപത്രി TALUK HEAD QUARTERS HOSPITAL THIRUVALLA തിരുവല്ല